(ബി) ഗ്രാന്റ് ഇൻ എയിഡ് ലഭിച്ചു കഴിഞ്ഞതു മുതൽ ആരംഭിച്ചു.

(സി) വിനിയോഗിച്ചു കഴിഞ്ഞിട്ടില്ല.

(ഡി) ഒരു ടിഷ്യുകൾച്ചർ ഉല്പാദനകേന്ദ്രം തുടങ്ങുകയാണ്. ഇതിന്റെ ഉദ്ദേശ്യം. ഇതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

കടലിന്റെ അടിത്തട്ടിലുള്ള അമൂല്യമായ ഔഷധങ്ങൾ

47 (3237) ശ്രീ. പി. വി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിന്റെ അടിത്തട്ടിലുള്ള അമൂല്യമായ ഔഷധങ്ങൾ അടക്കമുള്ള വിഭവങ്ങൾ കണ്ടെത്താൻ സംസ്ഥാന ഗവൺമെന്റ് ശാസ്ത്രീയ പഠനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആരംഭിക്കുമോ ;

(ബി) ഏതെങ്കിലും വിദേശ ഏജൻസികൾ കടലിനടിയിലെ മത്സ്യ വിഭവങ്ങൾ പരിശോധിക്കാൻ സംസ്ഥാനത്തിന്റെ പരിധിയിൽപ്പെട്ട കടലിൽ പരീക്ഷണം നടത്തുന്നുണ്ടോ ;

(സി) കേന്ദ്ര ഗവൺമെന്റ് കടലിനടിയിലെ വിവരങ്ങൾ സംഭരിക്കാൻ ഉള്ള വല്ല ശാസ്ത്രീയ പഠനങ്ങളും ആരംഭിച്ചിട്ടുണ്ടോ എന്നറിവുണ്ടോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) വിദേശ ഏജൻസിക്ക് കടലിനടിയിലെ മത്സ്യേതര വിഭാവങ്ങൾ പരിശോധിക്കുവാൻ സംസ്ഥാനത്തിന്റെ പരിധിയിൽപ്പെട്ട കടലിൽ പരീക്ഷണം നടത്തുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടില്ല.

(സി) കടലിനടിയിലുള്ള മത്സ്യേതര വിഭവങ്ങളെ സംബന്ധിച്ചും ഔഷധ പ്രാധാന്യമുള്ള കടൽ ജീവികളെപ്പറ്റിയുള്ള പഠനങ്ങൾ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനങ്ങളിൽ നടന്നുവരുന്നു.

റ്റി. ബി. സി. ആർ. ഐ.-ലെ കോർപ്പസ് ഫണ്ട്

48 (3238) ശ്രീ. ഇ. എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു കോർപ്പസ് ഫണ്ട് നിലവിലുണ്ടോ ;

(ബി) ഇതിലേയ്ക്ക് ഇതുവരെ എത്ര തുക സമാഹരിച്ചിട്ടുണ്ട് ;

(സി) പലിശയിനത്തിൽ ഈ ഫണ്ടിന് എത്ര വരുമാനം ഉണ്ട് ;

(ഡി) ഈ തുക ഏതു വിധത്തിലാണ് വിനിയോഗിക്കുന്നത് ;

(ഇ) ഈ ഫണ്ടിൽ നിന്ന് ഇതുവരെ എന്തു തുക ചെലവഴിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 10,40,000 രൂപ (പത്ത് ലക്ഷത്തി നൽപതിനായിരം)

(സി) 4,06,202 രൂപ (രൂപ നാല് രക്ഷത്തി ആറായിരത്തി ഇരുന്നൂറ്റിരണ്ട്)

(ഡി & ഇ) വിദൂരഭാവിയിൽ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ പൊതുവായ സൗകര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി ഒരു തുക സ്വരൂപിക്കുകയാണ് ഈ ഫണ്ടിന്റെ ലക്ഷ്യം. സ്ഥാപനത്തിന്റെ ഗവേണിംഗ് ബോഡിയുടെ നിർദ്ദേശ പ്രകാരം ഈ തുക ആരംഭകാലത്തിൽ പിൻവലിക്കാൻ പാടുള്ളതല്ല. ആയതിനാൽ നാളിതുവരെ ഇതിൽനിന്ന് എന്തെങ്കിലും തുക പിൻവലിക്കുകയോ മറ്റാവശ്യങ്ങൾക്ക് ചെലവാക്കുകയോ ചെയ്തിട്ടില്ല.

കൺസർവേറ്ററുകൾ നിർമ്മിക്കുന്നതിന് തുക

49 (3239) ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി വകുപ്പിൽ നിന്നു ടി.സി.ജി.ആർ.ഐ.-ക്ക് പന്നൽച്ചെടികൾ, കള്ളിച്ചെടികൾ, ജല സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി വെവ്വേറെ കൺസർവേറ്ററുകൾ നിർമ്മിക്കുന്നതിനുവേണ്ടി എന്തുതുക അനുവദിച്ചു ;

(ബി) ഇവയ്ക്കോരോന്നിനും പ്രത്യേകം പ്രത്യേകം കൺസർവേറ്ററുകൾ നിർമ്മിച്ചുവോ ;

(സി) എങ്കിൽ അതിനുവേണ്ടി എന്തു തുക ചെലവായി ;

(ഡി) ഈ കാര്യത്തിനായി അനുവദിച്ച തുക മറ്റെന്തെങ്കിലും കാര്യത്തിന് ചെലവ് ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു കാര്യത്തിന് എത്ര തുക ചെലവാക്കി ?

ഉത്തരം

(എ) 1994 മുതൽ ഇതുവരെ 32 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കള്ളിച്ചെടികൾ, ജലസസ്യങ്ങൾ എന്നിവയ്ക്കു പ്രത്യേകം കൺസർവേറ്ററുകൾ നിർമ്മിക്കുകയും പന്നൽച്ചെടികളുടെ കളക്ഷൻ ബാങ്ക് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) 52,40,222 രൂപ ചെലവായി

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly